പാഠപുസ്തകങ്ങളിൽ
ഒളിയജണ്ട
സംവാദം



ടി. മുഹമ്മദ് വേളം
(എസ്.ഐ.ഒ മുൻ സംസ്ഥാന സമിതിയംഗം)

# പാഠപുസ്തകത്തിന്റെ മതവും മതേതരത്വവും

മതം പൊതുമണ്ഡലത്തിൽ ഇടപെടരുത് എന്ന നിഷേധാത്മകതയാണ് നമ്മുടെ മതേതരത്വത്തിന്റെ പൊരുളും കാതലുമായി നമ്മുടെ പൊതുബോധം ഉൾക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ പാഠപുസ്തകത്തിൽ മതവെളിച്ചങ്ങൾ ഒരിക്കലും കടന്നുവരാതിരിക്കാൻ നാം ശ്രദ്ധിച്ചു പോന്നിട്ടുണ്ട്. ഇപ്പോൾ സമരനേതൃരംഗത്തുള്ള മുസ്‌ലിം ലീഗ് ദീർഘകാലം വിദ്യാഭ്യാസവകുപ്പ് കൈവശം വെക്കുകയും കൈകാര്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. അന്നും പാഠപുസ്തകങ്ങൾ ജീവിതത്തിലും വിജ്ഞാനത്തിലും നാഗരികതയിലും ഇടപെടുന്ന മതത്തോട് നീതി പുലർത്തിയിട്ടില്ല.

**ഏഴാം** ക്ലാസിലെ വിവാദ സാമൂഹ്യ പാഠ പുസ്തകം വായിച്ചു തീരുമ്പോൾ അനുഭവപ്പെടുന്ന ഒരു സത്യമുണ്ട്, ഇതൊരു സർഗാത്മക പാഠപുസ്തകമാണ്. സ്വന്തം സമൂഹത്തെ സാമൂഹികപാഠത്തിന്റെ ലബോറട്ടറിയായിക്കാണുന്ന പാഠപുസ്തകം. വിദ്യാർഥി ചുറ്റുപാടിനെ പഠിച്ച് പരീക്ഷയെഴുതി മിടുക്കനാകുക മാത്രമല്ല, ചുറ്റുപാടിനെ പുനർനിർമിക്കാൻ പഠിക്കുക കൂടിയാണ്.

എന്റെ തലമുറയും സ്വാതന്ത്ര്യസമര ചരിത്രം സ്കൂളിൽ പഠിച്ചിട്ടുണ്ട്. ഞങ്ങൾക്ക് സ്വാതന്ത്ര്യ സമരം ഐതിഹ്യമാലയായിരുന്നു. നാൽപത്തേഴിന് ശേഷമുള്ള ഒരാൾക്കും പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതെ ആദരവോടെ നോക്കിക്കാണുകയും ആരാധനയോടെ കൈകൂപ്പുകയും മാത്രം ചെയ്യേണ്ട ഒരു പുരാവൃത്തം. എന്നാൽ വിവാദ പാഠപുസ്തകത്തിൽ ചാന്നാർ ലഹളയും വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും പ്രത്യക്ഷദൈവ രക്ഷാ സഭയും മുസ്‌ലിം ഐക്യസംഘവും ഭഗത്സിംഗും പഠിപ്പിച്ച ശേഷം, തിരുവനന്തപുരം ജില്ലയിലെ വെള്ളറട പഞ്ചായത്തിലെ പന്നിമല ഗ്രാമത്തിൽ സമീപകാലത്തു നടന്ന വ്യാജവാറ്റിനെതിരായ സമരത്തിന്റെ അനുഭവം കൂടി പറഞ്ഞുകൊണ്ടാണ് സ്വാതന്ത്ര്യ സമര ചരിത്രം അവസാനിപ്പിക്കുന്നത്.

ചരിത്രത്തിന്റെ ഊർജം വർത്തമാനത്തിലേക്ക് വികസിക്കുന്ന ഒരു പാഠപുസ്തക സമീപനമാണിത്. ചരിത്രം ഇവിടെ അലങ്കാരമല്ല, ആക്ടിവിസമാണ്. അങ്ങനെ ചേട്ടൻ പുസ്തകത്തിൽ നിന്നും ഈ അനിയൻ പുസ്തകം ഒരു പാട് രചനാത്മകതകൾ പ്രകടിപ്പിക്കുന്നുണ്ട്. പക്ഷേ, ഈ ക്രിയാത്മകതകളൊന്നും നമ്മുടെ പാഠപുസ്തകങ്ങൾ പൊതുവിലും വിവാദപാഠപുസ്തകം സവിശേഷമായും ഉയർത്തുന്ന പ്രത്യയശാസ്ത്ര പ്രശ്നങ്ങൾക്ക് ഒരിക്കലും മാപ്പാവുന്നില്ല.

### മതേതരത്വത്തിന്റെ മാനിഫെസ്റ്റോ

മതത്തെ, പാരമ്പര്യത്തെ, പൗരസ്ത്യനെ, പ്രകൃതിയെ, സനാതന മൂല്യങ്ങളെ അപരവത്കരിക്കുന്ന നാഗരിക ബോധനമാണ് പാഠ്യപദ്ധതിയെന്ന പേരിൽ എല്ലാകാലത്തും ഇവിടെ പഠിപ്പിക്കപ്പെട്ട് പോന്നത്. ഇതിൽ നിന്ന് വ്യത്യസ്തമായ ഒരാഖ്യാനം ജീവിതത്തെക്കുറിച്ചും നാഗരികതയെക്കുറിച്ചും ചരിത്രത്തെക്കുറിച്ചുമൊക്കെ സമ്പൂർണ മതത്തിനുണ്ട്. നാഗരികതകളുടെ ഉത്ഥാനപതനത്തിന്റെ കാരണം ഭൗതികം മാത്രമാണെന്നതാണ് ചരിത്രത്തെക്കുറിച്ച ഭൗതികവാദമെങ്കിൽ ധാർമികം കൂടിയാണെന്നതാണ് മതവാദം. മുസ്‌ലിം വിദ്യാർഥി ദ്വന്ദ്വ വ്യക്തിത്വത്തിന്റെ ഉടമയാണ്. രാവിലെ അവൻ/അവൾ മദ്റസയിൽ പോയി മനുഷ്യനെ ദൈവം സൃഷ്ടിച്ച

താണെന്നും സ്കൂളിൽ വന്നിട്ട് മനുഷ്യൻ ആൾക്കുരങ്ങിൽ നിന്നും പരിണമിച്ചുണ്ടായതാണെന്നും പഠിക്കുന്നു. ഇത് സൃഷ്ടിക്കുന്ന ആത്മസംഘർഷം അവന്റെ/അവളുടെ അവബോധത്തെയും വ്യക്തിത്വത്തെയും പിളർത്തുന്നു. ഒടുവിൽ മതപരമായി മദ്റസയും ശാസ്ത്രീയമായി സ്കൂളും ശരിയാണെന്ന ഒത്തുതീർപ്പിലവൻ എത്തിച്ചേരുന്നു. അങ്ങനെ അവൻ മതവിശ്വാസമുള്ള മതേതരനായിത്തീരുന്നു. ശാസ്ത്രത്തിൽ, ചരിത്രത്തിൽ, സാമൂഹിക ശാസ്ത്രത്തിൽ, ചരിത്രത്തിൽ, രാഷ്ട്രീയത്തിൽ മതം ഇടപെടേണ്ടതില്ല എന്ന ബോധം ഒരു വടവൃക്ഷമായി അവനിൽ വളർന്നു പന്തലിക്കുന്നു. അവൻ മതേതര നാഗരികതയുടെ ഒന്നാം തരം പൗരനായി വളരുന്നു.

മതേതര വ്യവസ്ഥയിലെ പാഠ്യപദ്ധതിക്ക് മതത്തോട് മൊത്തത്തിലോ ഏതെങ്കിലും മതത്തോട് പ്രത്യേകിച്ചോ നൂറു ശതമാനം നീതി ചെയ്യാൻ കഴിയില്ല എന്നത് നേരാണ്. എന്നാൽ അമ്പതുശതമാനമെങ്കിലും നീതി ചെയ്യേണ്ടതില്ലേ? മതേതര സംസ്കൃതികൾക്ക് ലഭിക്കേണ്ട പരിഗണന മത സംസ്കൃതികൾക്കും ലഭിക്കേണ്ടതല്ലേ? മനുഷ്യൻ തലമുറകളായി ആർജിച്ച വിജ്ഞാനത്തെയും സംസ്കാരത്തെയും ഏറ്റവും പുതിയ തലമുറയിലേക്ക് പകരുന്ന സംസ്കാരത്തിന്റെ തുടർച്ചയെ ഉറപ്പുവരുത്തുന്ന, അതിനെ കാര്യക്ഷമമാക്കുന്ന ഉത്തരവാദിത്വപൂർണമായ സാംസ്കാരിക പ്രവർത്തനമാണ് വിദ്യാഭ്യാസം. അത് ഇത്ര ഏകപക്ഷീയമാകാമോ? മനുഷ്യചരിത്രത്തിന്റെ ആശയ സ്വരൂപങ്ങളിൽ വളരെ ചെറിയ പ്രായം മാത്രമുള്ള മതേതര സംസ്കൃതിയെ മാത്രം ഒരു ജനതയുടെ ചെലവിൽ ആധികാരികമാക്കുകയും മറ്റു സംസ്കൃതികളെ അപരവത്കരിക്കുകയും രാക്ഷസവത്കരിക്കുകയും ചെയ്യുന്നത് എത്ര മാത്രം ശരിയാണ് എന്നതാണ് പാഠപുസ്തകവുമായി ബന്ധപ്പെട്ട ഏറ്റവും മൗലികമായ രാഷ്ട്രീയ ചോദ്യം. ലോകത്തൊരുപാട് സംസ്കൃതികളിൽ ഒരു സംസ്കൃതി മാത്രമാണ് മതേതര സംസ്കാരമെന്നത്. അത് മറ്റു ജനതകളുടെയും സംസ്കാരങ്ങളുടെയും മേൽ അതിഭീകരമായ അധീശത്വം പുലർത്തുകയും ആക്രമണങ്ങൾ അഴിച്ചുവിടുകയും ചെയ്യുകയാണ്. ആധുനിക ലോകത്ത് ഭരണകൂട പ്രത്യയശാസ്ത്രമായാണ് മതേതരത്വം ഈ ഭീകരാക്രമണം നടത്തിക്കൊണ്ടിരിക്കുന്നത്.

നമ്മുടെ പാഠപുസ്തകങ്ങൾ എക്കാലത്തും മതേതരത്വത്തിന്റെ മാനിഫെസ്റ്റോകൾ തന്നെയായിരുന്നു. ഇപ്പോൾ അളവ് സൂക്ഷ്മദൃക്കല്ലാത്തവർക്കും കാണാൻ കഴിയുംവിധം വർധിച്ചു എന്നുമാത്രം. ഏത് പ്രാപഞ്ചിക പ്രതിഭാസത്തെ പഠിപ്പിക്കുമ്പോഴും നാം ദൈവത്തെ അദൃശ്യവത്കരിച്ചു പോന്നു. പൊതുസംസ്കാരവും പൊതു ഇടവുമൊക്കെ ദൈവത്തിൽ നിന്നും മതത്തിൽ നിന്നും മുക്തമായിരിക്കണമെന്ന് നാം പൊതുവിൽ ശഠിച്ചു. മതത്തെ അസന്നിഹതമാക്കുന്നതിൽ അവസാനിപ്പിച്ചു കൂടേ, അതിനെ കടന്നാക്രമിക്കുന്നതിലേക്കും നിരൂപിക്കുന്നതിലേക്കും വികസിക്കേണ്ടതുണ്ടോ എന്നു മാത്രമാണ് പുതിയ പാഠപുസ്തക വിരുദ്ധ മുന്നണിയുടെ മുഖ്യധാര ചോദിക്കുന്നത്. ഒരു സമീപന രീതിയുടെ അളവ് കൂടിയതാണോ പ്രശ്നം അല്ലെങ്കിൽ അടിസ്ഥാന സമീപനം തന്നെയാണോ എന്നതാണ് നിർണായകമായ ചോദ്യം.

ഒരു ചാനലിൽ മുസ്ലിം ലീഗ് നേതാവും മുൻ വിദ്യാഭ്യാസ മന്ത്രിയുമായ ഇ.ടി മുഹമ്മദ് ബഷീറും മന്ത്രി ബേബിയും തമ്മിൽ നടന്ന സംവാദത്തിൽ ബേബി ചോദിച്ച ചോദ്യം പ്രസക്തമാണ്. എട്ടാം തരത്തിലെ പഴയ ജീവശാസ്ത്ര പാഠപുസ്തകത്തിൽ മഹാവിസ്ഫോടനത്തിലൂടെയാണ് പ്രപഞ്ചം ഉണ്ടായതെന്നും അത് ദൈവസൃഷ്ടിയാണെന്ന വാദം അശാസ്ത്രീയമാണെന്നും പഠിപ്പിച്ചിരുന്നു. അതിനെക്കുറിച്ച് പാഠപുസ്തക വിരുദ്ധർ എന്തു പറയുന്നു എന്നാണ് മന്ത്രി ചോദിച്ചത്. മനുഷ്യോത്പത്തിയെക്കുറിച്ച പരിണാമ സിന്താദ്ധം പഠിപ്പിക്കുകയും സൃഷ്ടി സിന്താദ്ധം പഠിപ്പിക്കാതിരിക്കുകയും ചെയ്യുന്നതിന്റെ ന്യായമെന്താണ്? പരിണാമസിദ്ധാന്തം ഒരു പ്രകൃതി സത്യമല്ല, ഒരു നിർമിതിയാണ്. ദൈവം മരിച്ചു, മനുഷ്യനാണ് ഇനി കർത്താവ് എന്ന് പ്രഖ്യാപിച്ച ഒരു നാഗരികതയുടെ സാംസ്കാരിക നിർമിതി. അതിന്റെ എല്ലാ അനീതികളെയും സാധൂകരിക്കുന്ന പ്രത്യയശാസ്ത്രാഖ്യാനം. നൈതികതക്ക് ബദലായി കൈയൂക്കിനെ അഥവാ കാര്യക്ഷമതയെ പ്രതിഷ്ഠിക്കുന്ന പ്രത്യയശാസ്ത്രപ്രവർത്തനമാണ് പരിണാമസിദ്ധാന്തം. സൃഷ്ടിവാദം നൈതികതയെയും ധാർമികതയെയും സഹാനുഭൂതിയെയും സഹവർത്തിത്വത്തെയും പ്രതിനിധീകരിക്കുമ്പോൾ, പരിണാമവാദം മത്സരത്തെയും തോൽപിക്കലിനെയും അതിജീവിക്കലിനെയും അധാർമികതയെയും കനിവില്ലായ്മയെയും പ്രതിനിധീകരിക്കുന്നു.

ഏതൊരു പാഠ്യപദ്ധതിയും നിലനിൽക്കുന്ന വ്യവസ്ഥയുടെ മികച്ചതും മനോഹരവുമായ ഉപകരണമായിരിക്കും. നമ്മുടെ വ്യവസ്ഥയുടെ ദാർശനിക അസ്തിവാരം മതനിരപേക്ഷതയാണ്. മതം പൊതുമണ്ഡലത്തിൽ ഇടപെടരുത് എന്ന നിഷേധാത്മകതയാണ് നമ്മുടെ മതേതരത്വത്തിന്റെ പൊരുളും കാതലുമായി നമ്മുടെ പൊതുബോധം ഉൾക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ പാഠപുസ്തകത്തിൽ മതവെളിച്ചങ്ങൾ ഒരിക്കലും കടന്നുവരാതിരിക്കാൻ നാം ശ്രദ്ധിച്ചു പോന്നിട്ടുണ്ട്. ഇപ്പോൾ സമരനേതൃരംഗത്തുള്ള മുസ്ലിം ലീഗ് ദീർഘകാലം വിദ്യാഭ്യാസവകുപ്പ് കൈവശം വെക്കുകയും കൈകാര്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. അന്നും പാഠപുസ്തകങ്ങൾ ജീവിതത്തിലും വിജ്ഞാനത്തിലും നാഗരികതയിലും ഇടപെടുന്ന മതത്തോട് നീതി പുലർത്തിയിട്ടില്ല. വിജ്ഞാനവും പ്രപഞ്ച വീക്ഷണവും മതമുക്തമായിരിക്കണമെന്ന മതേതര ന്യായത്തോട് കൂറു പുലർത്തുകയാണ് ചെയ്തത്.

## മറ്റൊരു മതേതരത്വം സാധ്യമാണോ?

മതത്തിനുകൂടി സക്രിയമായ പങ്കാളിത്തമുള്ള മറ്റൊരു മതേതരത്വം സാധ്യമല്ലേ? മതത്തെ പൊതുജീവിതത്തിൽ കണ്ടാലുടൻ വെടിവെക്കണമെന്ന സമീപനം നമ്മുടെ ജീവിതത്തെ എത്രമാത്രം ഗുണകരമാക്കുന്നുണ്ട്. ഒരു സമ്പൂർണ മതവിശ്വാസിക്ക്, മതജീവിത വിഭജനവുമായി ഒത്തുതീർപ്പിലെത്താത്ത ഒരാൾക്ക് ഒരളവിലും ഓക്സിജൻ കിട്ടാത്തതാണ് നമ്മുടെ പൊതുമണ്ഡലവും അതിന്റെ പാഠ്യപദ്ധതിയും. മതേതര കാഴ്ചപ്പാടിനെ പഠിപ്പിക്കുന്നതിനൊപ്പം നാം മതദർശനങ്ങളെയും പഠിപ്പിക്കേണ്ടതുണ്ട്. മതേതര പ്രപഞ്ച വീക്ഷണത്തെ ആധാരമാക്കുന്നതോടൊപ്പം മതപ്രപഞ്ച വീക്ഷണത്തെയും ആധാരമാക്കേണ്ടതുണ്ട്.

അമേരിക്കയിൽ പരിണാമ സിദ്ധാന്തം പഠിപ്പിക്കുന്നതോടൊപ്പം സൃഷ്ടി സിന്താദ്ധവും പഠിപ്പിക്കപ്പെടണമെന്ന തീരുമാനമുണ്ട്. മതം നമ്മുടെ സമൂഹത്തിലെ ദാർശനിക സത്യവും സാമൂഹിക യാഥാർഥ്യവുമാണ്. ഇതിനോട് സംവദിക്കാനുള്ള സാക്ഷരത വിദ്യാർഥിയിൽ വളർത്തിയെടുക്കേണ്ടതുണ്ട്. ജനിച്ചു വീണതുമുതൽ മരിക്കുന്നതുവരെ

നമ്മുടെ നാട്ടിലെ എല്ലാ മനുഷ്യരും പള്ളിയിൽ നിന്ന് ബാങ്കുവിളിക്കുന്നത് കേട്ടുകൊണ്ടിരിക്കുന്നു. എന്താണീ വിളിച്ചു പറയുന്നതെന്ന് നാം ആലോചിക്കാറുണ്ടോ? ആലോചിക്കാൻ നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥ നമ്മെ പ്രേരിപ്പിച്ചിട്ടുണ്ടോ? യേശുവും ബൈബിളും ബുദ്ധനുമൊന്നും മറ്റു മതസ്ഥർക്ക് അടുത്തു പരിചയമുള്ള അനുഭവമാവാത്തതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത് നമ്മുടെ വിദ്യാഭ്യാസ ക്രമമല്ലേ?

കമ്യൂണിസം ഒളിച്ചു കടത്താനല്ല ഒരു പാഠ്യപദ്ധതി ശ്രമിക്കേണ്ടത്. മതത്തിനെതിരായ ഗറില്ലാ യുദ്ധമുറ ഇടതുപക്ഷം പിൻവലിക്കണം. പകരം സുതാര്യമായി നേർക്കു നേരെ കമ്യൂണിസവും പഠിപ്പിക്കണം. വർഗവും വർഗവൈരുധ്യവും വൈരുധ്യാധിഷ്ഠിത ഭൗതികവാദവുമൊക്കെ കേരളത്തിന്റെ തെരുവായ തെരുവിലെല്ലാം ഉയർന്നു പൊങ്ങുന്ന ഒരു ജ്ഞാന ശാസ്ത്രത്തിന്റെ സാങ്കേതിക പദങ്ങളാണ്. ഇതിലും സാക്ഷരത നൽകുന്നത്, നമ്മുടെ ജനാധിപത്യത്തെയും സംസ്കാരത്തെയും കൂടുതൽ ധന്യമാക്കുകയാണ് ചെയ്യുക. അങ്ങനെ മുതിരുന്ന കുട്ടി തീരുമാനിക്കട്ടെ മതവിശ്വാസിയാവണോ കമ്യൂണിസ്റ്റാവണോ എന്നൊക്കെ. അതിനുള്ള സത്യസന്ധതയും ആത്മവിശ്വാസവും ഇടതുപക്ഷം പ്രകടിപ്പിക്കുകയാണ് വേണ്ടത്.

മതം പഠിപ്പിക്കരുത്, മതത്തെക്കുറിച്ച് പഠിപ്പിക്കുക മാത്രമേ ചെയ്യാവൂ എന്നതാണ് സെക്യുലർ പെഡഗോഗിയുടെ വേദവാക്യം. അതിന്റെ അർഥം മതത്തെക്കുറിച്ച മതഭാഷ്യം പഠിപ്പിക്കരുത്, മതത്തെക്കുറിച്ച മതേതര ഭാഷ്യമേ പഠിപ്പിക്കാവൂ എന്നതാണ്. മതത്തെ മതേതരമായല്ല മതാത്മകമായി തന്നെ പഠിപ്പിക്കുകയാണ് ചെയ്യേണ്ടത്. ഇത്രയും വലിയ മതപാരമ്പര്യമുള്ള ഒരു സമൂഹത്തിന്റെ പാഠ്യപദ്ധതിയെ മതപരമായി തരിശിടുന്നു എന്നത് ഗുരുതരമായ കുറ്റകൃത്യമാണ്. ഇന്ത്യയിൽ ബി.ജെ.പി വളരുന്നതിന്റെ പല കാരണങ്ങളിലൊന്ന്, നമ്മുടെ മതേതരത്വം ക്രിയാത്മകം എന്നതിനേക്കാൾ നിഷേധാത്മകം ആണെന്നതാണ്. മനുഷ്യന്റെ സാംസ്കാരിക പാരമ്പര്യത്തോടോ ഭൗതികാതീതതയോടോ ഒരു സംവേദനവുമില്ലാത്ത വരണ്ട മതേതരത്വം മടുത്തിട്ടു കൂടിയാണ് പാരമ്പര്യത്തോട് സംവദിക്കുന്നു എന്ന വ്യാജപ്രതീതി സൃഷ്ടിക്കുന്ന ഫാഷിസത്തിൽ ആകൃഷ്ടരാകുന്നത്. ഫാഷിസം വിജയി



**മതം പഠിപ്പിക്കരുത്, മതത്തെക്കുറിച്ച് പഠിപ്പിക്കുക മാത്രമേ ചെയ്യാവൂ എന്നതാണ് സെക്യുലർ പെഡഗോഗിയുടെ വേദവാക്യം. അതിന്റെ അർഥം മതത്തെക്കുറിച്ച മതഭാഷ്യം പഠിപ്പിക്കരുത്, മതത്തെക്കുറിച്ച മതേതര ഭാഷ്യമേ പഠിപ്പിക്കാവൂ എന്നതാണ്. മതത്തെ മതേതരമായല്ല മതാത്മകമായി തന്നെ പഠിപ്പിക്കുകയാണ് ചെയ്യേണ്ടത്.**

ക്കുന്നത് മതേതരത്വത്തിന്റെ സാംസ്കാരികമായ പരാജയത്തിലാണ്.

### മതേതര ഏകപക്ഷീയത

പുതിയ പാഠ്യപദ്ധതി വിമർശനാത്മക സമീപനം പോഷിപ്പിക്കുന്നു എന്നതാണ് അതിന്റെ മുഖ സൗന്ദര്യമായി അവകാശപ്പെടുന്നത്. "വിമർശനാത്മക സമീപനം പോഷിപ്പിക്കുന്ന വിദ്യാഭ്യാസം മാനവരാശിയുടെ നേട്ടങ്ങളെ സമഗ്രമായി വിലയിരുത്താനുള്ള കഴിവ് വിദ്യാർഥികൾ വളർത്തിയെടുക്കേണ്ടതുണ്ട്. എല്ലാ തരം ചൂഷണങ്ങൾക്കുമെതിരെ നിലപാട് സ്വീകരിക്കാൻ അവർക്ക് കഴിയണം. ജീവിതാനുഭവങ്ങളെയും ജീവിത സന്ദർഭങ്ങളെയും വിമർശനാത്മകമായി നോക്കിക്കാണാനും വിവേചനബുദ്ധിയോടെ തീരുമാനമെടുക്കാനും അവർക്ക് കഴിയണം. സ്വയം വിമർശനത്തിനുള്ള സന്നദ്ധതയും ആവശ്യമാണ്. സാമൂഹിക തിന്മകളെ തിരിച്ചറിയാനും ചോദ്യം ചെയ്യാനും യുക്തിഭദ്രമായി പ്രതിരോധിക്കാനും കഴിയണം. മുൻവിധികളെയും പിടിവാശികളെയും പ്രലോഭനങ്ങളെയും ചെറുക്കാനുള്ള കഴിവ് നിരന്തരം വളർത്തേണ്ടതുണ്ട്. വ്യത്യസ്ത ആശയങ്ങളെ സമചിത്തതയോടെ സ്വീകരിക്കാനും സമന്വയിപ്പിക്കാനും കഴിയണം. പ്രചരിപ്പിക്കപ്പെടുന്ന ആശയങ്ങൾ വിശകലനം ചെയ്യുന്നതിനും തെറ്റുകൾ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനും അവർക്ക് കഴിയണം. അവയെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക തലങ്ങളിൽ വിശകലനം ചെയ്ത് നിലപാട് സ്വീകരിക്കേണ്ടതുണ്ട്." (സാമൂഹിക ശാസ്ത്രം, ഏഴാം ക്ലാസ് അധ്യാപക സഹായി, പേജ് 9)

നാം വിമർശന പഠന വിധേയമാക്കേണ്ടത് ജാതിയെയും മതത്തെയും മാത്രമാണെന്ന് നമ്മോട് പറഞ്ഞതാരാണ്. തീർച്ചയായും നമ്മുടെ ജാതികളും മതങ്ങളും കണിശമായ വിചാരണകളിലൂടെ കടന്നു പോകേണ്ടതുണ്ട്. ജാതിയും മതവും മാത്രമാണ് വിമർശനത്തിന്റെ കനലടുപ്പിലൂടെ കടന്നു പോകേണ്ടതെന്ന മതേതര ഏകപക്ഷീയതയാണ് വിചാരണ ചെയ്യപ്പെടേണ്ടത്. ഞാൻ പരിശുദ്ധനാണ്, നീയാണെടാ തെമ്മാടി എന്ന് ഒരു സംസ്കൃതി മറ്റൊരു സംസ്കൃതിയെ നോക്കിപ്പറയുന്ന പോക്കിരിത്തരമാണത്. വിവാദ പാഠപുസ്തകം മതത്തെ മാറ്റിനിർത്തുക എന്നതിനപ്പുറം, മതത്തോട് പോക്കിരിത്തരം കാണിക്കുന്നു എന്നതാണ് മതവിശ്വാസികളെ പ്രകോപിതരാക്കിയത്.

എന്തുകൊണ്ടാണ് മതബാഹ്യമായുള്ള, മതേതരമായുള്ള പ്രശ്നങ്ങളെ ഉന്നയിക്കാൻ മാർക്സിസ്റ്റ് വിചക്ഷണർക്ക് ധൈര്യമില്ലാത്തത്?

റോഡപകടം കഴിഞ്ഞാൽ വർത്തമാന കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകൾ കൊല്ലപ്പെടുന്നത്, കേരളത്തിൽ പൊതുവിലും വടക്കേ മലബാറിൽ സവിശേഷമായും മതേതര രാഷ്ട്രീയത്തിന്റെ

പേരിലുള്ള സംഘട്ടനങ്ങളിലാണ്. ഇത് നടക്കുന്നത് ഒരു മതത്തിന്റെയും പേരിലല്ല, കക്ഷിരാഷ്ട്രീയത്തിന്റെ പേരിലാണ്. കൊല്ലരുതനിയാ കൊല്ലരുതെന്ന് സമകാലികതയിൽ ജീവിക്കുന്ന ഒരു പാഠപുസ്തകം പഠിപ്പിക്കാത്തതെന്തുകൊണ്ട്? തെരുവിന്റെ അപ്പുറവും ഇപ്പുറവും രണ്ടു കൂട്ടരും കെട്ടിയുയർത്തുന്ന രക്തസാക്ഷി മണ്ഡപങ്ങൾ, കേരളീയ സമൂഹം കൂടുതൽ ജനാധിപത്യവത്കരിക്കുന്നതിന്റെ മൈൽകുറ്റികളാണോ?

1956-ൽ ഗൗരിയമ്മ അവതരിപ്പിച്ച കാർഷികബന്ധ ബില്ലും ഭൂപരിഷ്കരണവും ഏഴാം ക്ലാസിലെ പാഠത്തിന്റെ ഭാഗമാണ്. ക്രിട്ടിക്കൽ പെഡഗോഗിക്ക് ഉണ്ടെന്ന് അതിന്റെ വക്താക്കൾ അവകാശപ്പെടുന്ന മുഴുവൻ സർഗാത്മകതകളും ഉപേക്ഷിച്ച് പാഠഭാഗം കമ്യൂണിസ്റ്റ് മാഹാത്മ്യം വഞ്ചിപ്പാട്ടായി മാറുകയാണ്. കേരളത്തിലെ ഭൂപരിഷ്കരണത്തെക്കുറിച്ച് ആദിവാസികളും ദലിതരും ഉന്നയിച്ച അടിസ്ഥാനപരമായ വിമർശനങ്ങളുണ്ട്. എല്ലാ പ്രശ്നങ്ങളെയും വർഗത്തിൽ ഉദ്ഗ്രഥിക്കുന്ന കമ്യൂണിസ്റ്റ് സമീപനമാണ്, പാട്ടക്കുടിയാനപ്പുറത്തുള്ള ദലിതരും ആദിവാസികളുമായ കർഷകത്തൊഴിലാളിക്ക് ഹരിജൻ കോളനിയിലും അംബേദ്കർ കോളനിയിലും തലചായ്ക്കേണ്ടി വരുന്നതിന്റെ കാരണമെന്നത് ലളിത സത്യമാണ്. കരിവള്ളൂർ സമരം പഠിപ്പിക്കുന്നവർ മുത്തങ്ങ മുതൽ ചെങ്ങറ വരെയുള്ള സമകാലിക ഭൂസമരങ്ങളെ ക്ലാസ് മുറിയുടെ അതിരുകൾക്കകത്ത് പ്രവേശിപ്പിക്കാതിരിക്കുന്നതെന്തു കൊണ്ട്? എ.കെ.ജിയുടെ ജീവചരിത്രത്തിൽ നിന്ന് ഒരു ഭാഗം പഠിപ്പിക്കുന്നവർക്ക് സി.കെ ജാനുവിന്റെ ജീവചരിത്രത്തിൽ നിന്ന് ഒരു ഭാഗവും പഠിപ്പിക്കാൻ ബാധ്യതയുണ്ട്. കമ്യൂണിസ്റ്റുകാരന് അനുകൂലമായ ഉത്തരം കിട്ടുന്ന കണക്കേ ചെയ്യാവൂ, അന്വേഷണമേ നടത്താവൂ എന്നതാണോ കരിക്കുലം സമീപനം?

## പാരമ്പര്യത്തോട് കണക്കുതീർക്കുന്നു

'*മനോരമ*യുടെ വർഗസമരപ്പേടി' എന്ന ശീർഷകത്തിൽ 2008 ജൂൺ 28-ന് *ദേശാഭിമാനി* എഴുതിയ മുഖപ്രസംഗം തുടങ്ങുന്നതിങ്ങനെയാണ്: 'ബാലസംഘത്തിനുവേണ്ടി തയാറാക്കിയ രേഖയിൽ രാഷ്ട്രീയം, വർഗസമരം എന്നീ പദങ്ങൾ കണ്ടതിൽ *മലയാളമനോരമ*ക്ക് ഹാലിളകിയിരിക്കുന്നു. ഓരോ പ്രദേശത്തും അറിയപ്പെടാത്തതും അറിയപ്പെടാതെ കിടക്കുന്നതുമായ ചരിത്രസംഭവങ്ങളെ കുട്ടികളുമായി പരിചയപ്പെടുത്തി വർഗസമരത്തിലൂന്നിയ സാമൂഹിക മാറ്റത്തിന്റെ പാഠങ്ങൾ സ്വയം കണ്ടെത്തി പരിശീലിപ്പിക്കാൻ കഴിയണം എന്ന് രേഖയിൽ വായിച്ചതോടെ ചുവപ്പുകണ്ട കാളയെപ്പോലെ *മനോരമ* വിരണ്ടോടാൻ തോന്നിയമട്ടാണ്. വിദ്യാഭ്യാസത്തിന് രാഷ്ട്രീയ അജണ്ടയോ നിങ്ങൾ പറയൂ, എന്നാണ് ആ പത്രം ആവശ്യപ്പെടുന്നത്.'

കുട്ടികളെ ഞങ്ങൾ വർഗസമരം പഠിപ്പിക്കുന്നു എന്ന് കേൾക്കുമ്പോൾ വർഗശത്രുക്കളും മൂരാച്ചികളുമായ *മനോരമ*ക്ക് സമനില തെറ്റുക സ്വാഭാവികമാണെന്നാണ് *ദേശാഭിമാനി* തുടർന്ന് പറയുന്നത്. മതവിശ്വാസി അവന്റെ മക്കളെ മതം പഠിപ്പിക്കുന്നതിലും ഇതേ യുക്തിയല്ലേ ഉള്ളത്. എന്റെ കമ്യൂണിസ്റ്റ് സുഹൃത്ത് അവന്റെ മകനെ/മകളെ വർഗബോധത്തിൽ വളർത്തും. ഞാൻ എന്റെ മകളെ ദൈവബോധത്തിൽ വളർത്തും. അവർ രണ്ടുപേരും മുതിരുമ്പോൾ അവരുടെ ബോധങ്ങളെ തെരഞ്ഞെടുക്കും. *ദേശാഭിമാനി* മുഖപ്രസംഗം പിന്നെ പറയുന്നത് ബാലസംഘം കൈപുസ്തകം പാഠപുസ്തകമല്ലെന്നാണ്. ബാലസംഘം കൈപുസ്തകം പാഠപുസ്തകമല്ലെന്നത് ശരി. പക്ഷേ, പാഠപുസ്തകം ബാലസംഘം കൈപുസ്തകവുമല്ല.

മതം ഒരു ദർശനം മാത്രമല്ല, പാരമ്പര്യത്തിന്റെ ഡി.എൻ.എ കോഡുകൂടിയാണ്. പാരമ്പര്യം സംസ്കാരത്തിന്റെ ആലേഖന സ്ഥലമാണ്. പാരമ്പര്യത്തോടുള്ള കണക്കു തീർക്കലാണ് ആധുനിക മതേതരത്വത്തിന്റെ ജനിതക ദൗർബല്യം. നാം നമ്മുടെ പാരമ്പര്യത്തെ നിലനിർത്തിയും അതിൽ നിന്നുകൊണ്ടും തന്നെയാണ് പുതിയ അന്വേഷണങ്ങൾ നടത്തേണ്ടത്. അന്വേഷണങ്ങൾ നടക്കേണ്ടത് ശൂന്യതയിൽ നിന്നുകൊണ്ടല്ല. അതു കൊണ്ടാണ് ഖുർആൻ ഓരോ ജനതയോട് സംസാരിക്കുമ്പോഴും അവരുടെ പാരമ്പര്യങ്ങൾ ഉണർത്തിയും ഉയർത്തിക്കാട്ടിയും ഏകദൈവത്തിലേക്കും പരലോകബോധത്തിലേക്കും പ്രവാചക വിശ്വാസത്തിലേക്കും വിളിക്കുന്നത്.

ഇ. അഹ്മദിന്റെ മകൻ ക്രിസ്ത്യാനിയെ വിവാഹം ചെയ്തില്ലേ എന്ന് ചോദിക്കുന്നത്, മതം മാറാൻ കഴിയാത്ത ഒന്നാണെന്ന സവർണ ലോജിക് സി.പി.എം നേതാക്കൾ ഇപ്പോഴും കൊണ്ടു നടക്കുന്നതുകൊണ്ടാണ്. നെഹ്റു മതേതര ജീവിതം നയിച്ച ദേശീയ നേതാവായിരുന്നുവെങ്കിൽ, അംബേദ്കർ മതംമാറ്റത്തെ ഒരു രാഷ്ട്രീയ ഉപകരണമായി പ്രയോഗിച്ച ദേശീയ നേതാവായിരുന്നു.

## മതേതര തീവ്രവാദം

പൂർണമായും പുറത്തുവരാൻ ധൈര്യപ്പെടാത്ത തുർക്കി മോഡൽ മതേതര ഫാഷിസം പാഠപുസ്തകത്തിൽ ഒളിച്ചു പാർക്കുന്നുണ്ട്. വിവാഹവും വസ്ത്രധാരണവുമൊക്കെ ഏകശിലാമയമാകണം എന്നതായിരുന്നു എൺപത്തിനാലിലെ ശരീഅത്ത് വിവാദകാലത്തെ മുദ്രാവാക്യം. പൊതുവസ്ത്രം, പൊതു സംസ്കാരം മുതലായ മുദ്രാവാക്യങ്ങൾ ഇന്ത്യൻ ചുറ്റുപാടിൽ മറ്റു സംസ്കാരങ്ങളെ സവർണ മുഖ്യധാരയിൽ ലയിപ്പിക്കാനുള്ള ആഭ്യന്തര കൊളോണിയലിസത്തിന്റെ ആയുധങ്ങളാണ്. ഒരാൾക്ക് പർദ ധരിക്കാതിരിക്കാനുള്ള മുഴുവൻ സ്വാതന്ത്ര്യവും അംഗീകാരവും ലഭിക്കണം എന്നതുപോലെത്തന്നെ പ്രധാനമാണ്, മതനിയമപ്രകാരം പർദ ധരിക്കാനുള്ള സ്വാതന്ത്ര്യവും അംഗീകാരവും ലഭിക്കണമെന്നുള്ളത്. നിങ്ങൾക്ക് ഞാൻ സ്വാതന്ത്ര്യം തരാം പക്ഷേ അത് ഞാൻ പറയുന്നത് പോലെയേ ഉപയോഗിക്കാവൂ എന്നതാണ് നിലപാടെങ്കിൽ അതിന്റെ പേര് സ്വാതന്ത്ര്യം എന്നല്ല. തെരഞ്ഞെടുപ്പിലൂടെ ഹമാസ് എന്ന ഇസ്‌ലാമിക ജനാധിപത്യ പ്രസ്ഥാനം അധികാരത്തിൽ വന്നപ്പോൾ അതിനെ അംഗീകരിക്കാൻ വിസമ്മതിച്ച അമേരിക്കയുടെ മതേതര യുക്തി മേൽപറഞ്ഞതായിരുന്നു. എല്ലാവരും സവർണ മതേതര സംസ്കാരത്തിലേക്ക് സാംസ്കാരികമായി മതം മാറുക എന്നതല്ല, എനിക്ക് എന്റെ വിശ്വാസത്തേയും ബോധ്യങ്ങളെയും ആവിഷ്കരിക്കാൻ കഴിയുന്ന പൊതുമണ്ഡലം വികസിച്ചു വരിക എന്നതാണ് വികസിതമായ ജനാധിപത്യം. ഈ പൊതുമണ്ഡലത്തിന്റെ വൈറസുകൾ മതതീവ്രവാദം മാത്രമല്ല, മതേതര തീവ്രവാദം കൂടിയാണ്. ഈ മതേതര തീവ്രവാദത്തിന്റെ വേദപുസ്തകമാവുകയാണ് പാഠപുസ്തകത്തിലെ വിവാദഭാഗം ചെയ്തിരിക്കുന്നത്.

വിമോചനസമരത്തിൽ നിന്നും കേരളത്തിലെ കമ്യൂണിസ്റ്റുകാർ ഒന്നും പഠിച്ചില്ല എന്നതാണ് പാഠപുസ്തക വിവാദം നൽകുന്ന ഒന്നാം പാഠം. മഹാഭൂരിഭാഗം മതവിശ്വാസികൾ അധിവസിക്കുന്ന ഇവിടെ ഇടതുപക്ഷത്തെ മതവിശ്വാസികളായ ജനത വോട്ടു ചെയ്ത് അധികാരത്തിലേറ്റുന്നത് മതവിരുദ്ധതയെ പ്രതിനിധീകരിക്കാനല്ല. യുക്തിവാദിസംഘത്തിന്റെ പ്രകടന പത്രികയുമായല്ല ഇടതുപക്ഷം ജനങ്ങളെ സമീപിക്കുന്നത്.

പക്ഷേ, അധികാരം കിട്ടിയാൽ ഇടതുപക്ഷത്തിലെ ഒരു സംഘത്തിന് ഇപ്പോഴും തോന്നുന്നത് കേരളത്തെ സോവിയറ്റ് റഷ്യയാക്കാൻ തങ്ങൾക്ക് മാൻഡേറ്റ് കിട്ടിയിരിക്കുന്നു എന്നാണ്. മറ്റുപല പ്രതിലോമ ഘടകങ്ങൾക്കുമൊപ്പം ഈ കമ്യൂണിസ്റ്റ് മനോഭാവത്തിനെതിരായ സിവിൽ സമൂഹത്തിന്റെ കലാപം കൂടിയായിരുന്നു വിമോചന സമരം.

മതവിശ്വാസവുമായി പ്രതിവർത്തിക്കാൻ ഏറ്റവും അവസരം ലഭിച്ച കമ്യൂണിസ്റ്റ് പാർട്ടിയാണ് ഇന്ത്യയിലേത്. ഒരേ സമയം സെമിറ്റിക്-സെമിറ്റിക്കേതര മതങ്ങളുമായി ഇടപെടാൻ അവസരം ലഭിച്ചവർ. പക്ഷേ  ഈ അനുഭവം പ്രത്യയശാസ്ത്രത്തിന്റെ ജൈവസത്തയുടെ ഭാഗമാക്കാൻ ഇപ്പോഴും കമ്യൂണിസ്റ്റുകൾക്ക് കഴിഞ്ഞിട്ടില്ല. മതവിശ്വാസത്തോടും ജനാധിപത്യത്തോടും വെച്ചുപുലർത്തുന്ന സത്യസന്ധമല്ലാത്ത നിലപാടാണ് കമ്യൂണിസ്റ്റുകളുടെ വലിയ ഒരു ദൗർഭാഗ്യം. സവർണതയിൽ ചെന്ന് തല കുത്തി വീഴുന്ന മതേതര തീവ്രവാദമാണ് ഇന്ത്യൻ ഇടതുപക്ഷത്തിന്റെ ദൈനംദിന പ്രത്യയശാസ്ത്രം. ■